# എ കെ ജി മെമ്മോറിയൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പിണറായി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–2026

# ആമുഖം

## ആകാശത്തോളം പന്തലിച്ച്... പിണറായി എ.കെ.ജി!

ഒരു വിദ്യാലയം അതിൻെറ സമഗ്രത കണ്ടെത്തുന്നത് നാനാതലങ്ങളിൽ സുഗമമായ പരിസരവീചി യൊരുക്കുന്നതിലൂടെയാണ്! അക്കാദമിക രംഗത്തും-അക്കാദമികേതര രംഗത്തും-ഇതിനെല്ലാം ബലമായി മാറുന്ന ഭൗതികതലത്തിലും ഒരുപോലെ കുതിച്ചുയരുകയെന്നത് ഏതൊരു വിദ്യാലയത്തിൻേറയും സ്വപ്നമാണ്... ഭൗതിക-ബൗദ്ധികരംഗത്തെ സർവതലസ്പർശിയായ വളർച്ച വിദ്യാലയങ്ങളുടെ ദീർഘകാല ലക്ഷ്യമാണ്.

എന്നാൽ,കണ്ണൂർ ജില്ലയിലെ പിണറായി എന്ന ചരിത്രഗ്രാമത്തിൽ തലയെടുപ്പോടെ നിൽക്കുന്ന എ.കെ.ജി മെമ്മോറിയൽ ഗവൺമെൻറ് ഹയർസെക്കൻററി സ്കൂളെന്ന നമ്മുടെ വിദ്യാലയത്തിന് ഇത്തരം സ്വപ്നങ്ങളൊന്നും അപ്രാപ്യമല്ല. സ്വപ്നങ്ങൾക്കു മുകളിൽ സാക്ഷാത്ക്കാരത്തിൻെറ പ്രഘോഷം നടത്തി ഒരുനാടിൻെറ തന്നെ പ്രതീക്ഷയും-അഭിമാനവുമായി പ്രശോഭിക്കുകയാണ് ഇന്ന് നമ്മുടെ വിദ്യാലയം! നേട്ടങ്ങളുടെ ആകാശവീഥിയിൽ നിന്ന് പുഞ്ചിരിയോടെ തിരിഞ്ഞ് നോക്കുമ്പോൾ ചരിത്രവഴിയിൽ ഒത്തിരിയാമങ്ങളുണ്ട് നമ്മുടെ വിദ്യാലയത്തിന് ഓർമ്മിച്ചെടുക്കാൻ. 1968 ൽ മഹാനായ എ.കെ.ജി തറക്കല്ലിട്ടതിലൂടെ പ്രവർത്തനവീചിയൊരുക്കപ്പെട്ടു...നാട്ടുകാരുടെ നിസ്സീമമായ സഹകരണത്താൽ മൂന്നേക്കർ പതിനാറ് സെൻറ് സ്ഥലവും-ആവശ്യമായ വസ്തുക്കളും വിദ്യാലയത്തിന് സ്വന്തം!..1977 ൽ പ്രവർത്തനാരംഭം...1983 ലെ ശക്തമായ ചുഴലിക്കാറ്റിൽ പ്രധാനകെട്ടിടത്തിൻെറ തകർച്ച...സ്ഥലപരിമിതി കാരണം ഏർപ്പെടുത്തിയ ഷിഫ്റ്റ് സമ്പ്രദായത്തിൽ നിന്ന് വൈകുന്നേരം വരെ അധ്യയനം... വൈതരണികൾ മറികടന്ന് പകരം വയ്ക്കുവാനില്ലാത്ത ഔന്നത്ത്യത്തിൻെറ പാതയിലാണിന്ന് നമ്മുടെ വിദ്യാലയം!

എം.എൽ.എയും-പ്രാരംഭ വികസന കമ്മറ്റി ചെയർമാനുമായിരുന്ന ശ്രീ.പിണറായി വിജയൻ തന്നെ മുഖ്യമന്ത്രി പദവിയിലിരുന്ന് ഈ വിദ്യാലയത്തിൻെറ ഇന്നത്തെയും വികസന പ്രവർത്തനങ്ങൾക്ക് തേര് തെളിക്കുകയാണ്. ഓലയേയും-ഓടിനേയും സ്മൃതിപഥത്തിലാക്കി അത്യാധുനിക സംവിധാനത്തിലധിഷ്ഠിതമായ സുന്ദരാന്തരീക്ഷമാണ് 2025 ൽ വിദ്യാലയാങ്കണത്തിലേക്കെത്തുന്ന ഓരോ പഠിതാവിനേയും കാത്തിരിക്കുന്നത്.

തുടർച്ചയായി ഒൻപത് വർഷത്തിലധികമായി എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറുമേനി കരസ്ഥമാക്കി മുന്നേറുകയാണ് നമ്മുടെ വിദ്യാലയം. പ്രഭാത-സായാഹ്ന-രാത്രി ക്ലാസുകളിലൂടെ നൽകുന്ന നിരന്തരമായ പഠനപിന്തുണ വിദ്യാർഥികളെ മികവാർന്ന വിജയത്തിന് പ്രാപ്തരാക്കി. 'ഇൻസ്പെയർ അവാർഡി'ലെ നിറ സാന്നിധ്യമായി മാറിയ വിദ്യാർഥികൾ... 'വൈ.ഐ.പി' പഠന പദ്ധതിയിലെ ഉയർന്ന പ്രകടനം... 'എൻ.എം.എം.എസ് സ്കോളർഷിപ്പി'ലെ മികച്ച വിജയം... നിരന്തര ശാസ്ത്രാവബോധ ക്ലാസുകൾ... 'ലിറ്റിൽ കൈറ്റ്സി' ൻെറ മികച്ച വർത്തി... അക്കാദമിക രംഗത്ത് പിണറായി എ.കെ.ജി സ്കൂളെന്ന നമ്മുടെ വിദ്യാലയത്തിൻെറ നേട്ടം അതുല്ല്യമാണ്.

അക്കാദമികേതര രംഗത്തും വിദ്യാലയ പ്രവർത്തനം ഏറെ അനുകരണീയമാണ്.ദേശീയ തലത്തിൽ കായിക രംഗത്ത് നേടിയ വിജയം വിദ്യാലയം നിരന്തരമായി നടത്തിയ അവിശ്രാന്ത പരിശ്രമത്തിന് ലഭിച്ച അംഗീകാരംകൂടിയായി മാറുകയാണ്. സംസ്ഥാന-ജില്ല തലങ്ങളിൽ നിരവധിയായ ഉപഹാരങ്ങളാണ് കല-കായിക-വൈജ്ഞാനിക രംഗത്ത് നമ്മുടെ വിദ്യാലയം വാരിക്കൂട്ടിയത്. എൻ.സി.സി, എസ്.പി.സി, എൻ.എസ്.എസ്, എസ്.എസ്.എസ്.എസ്, സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി തുടങ്ങിയ സന്നദ്ധ സംഘടനകളിലേതെങ്കിലുമൊന്നിൽ അംഗമായിരിക്കും ഓരോ വിദ്യാർഥിയും. പുതിയകാലമാവശ്യപ്പെടുന്ന നിതാന്ത ജാഗ്രതയും-അവബോധവും പകർന്ന് 'വിമുക്തി' പ്രവർത്തനവും സജീവമാണ്.

അധ്യാപകരും, വിദ്യാർഥികളും, പി.ടി.എയും ഒറ്റമനസ്സോടെ നീങ്ങിയതിൻെറ ഭാഗമായി നമ്മുടെ വിദ്യാലയമിന്ന് സുന്ദരമായ ഹരിത വിദ്യാലയം കൂടിയാണ്- ഗ്രീൻ ക്യാംപസ്...ക്ലീൻ ക്യാംപസ്... നെല്ലും, ചീരയും, വെണ്ടയും, പച്ചമുളകും, ചെണ്ടുമല്ലിയും  കൃഷിഭവൻെറ സഹായത്തോടെ വികസിപ്പിച്ചെടുത്ത് കാർഷിക സംസ്കാരത്തിൻെറ അനുഭവപാഠംകൂടി കൈക്കലാക്കുകയായിരുന്നു കഴിഞ്ഞവർഷങ്ങളിൽ വിദ്യാർഥികൾ.

അക്കാദമിക-കല-കായിക പരിശീലനങ്ങളുൾക്കൊള്ളിച്ച് സമീപവിദ്യാലയങ്ങളിലെ ഏഴാംക്ലാസ് വിദ്യാർഥികൾക്കായി രണ്ട് ഘട്ടങ്ങളിലായി നടത്തിയ 'എറയ്സ് 2 കെ 25' (ARISE2K25) ഏറെ ശ്രദ്ധേയമായി.

അക്കാദമിക-അക്കാദമികേതര രംഗത്ത് വിദ്യാർഥികൾ വാരിക്കൂട്ടിയ മികവിനുപിറകിൽ വിദ്യാലയം മുന്നോട്ടുവയ്ക്കുന്ന സ്വപ്നതുല്ല്യമായ പഠനാന്തരീക്ഷവും-ഭൗതിക സാഹചര്യവുമാണ്. അത്യാധുനിക ഹൈടെക് സംവിധാനങ്ങളാൽ ഡിസൈൻ ചെയ്യപ്പെട്ട ശില്പചാതുര്യകെട്ടിടങ്ങളുൾക്കൊള്ളുന്ന അതിവിശാലമായ ക്ലാസ് മുറികൾ... കാലാവസ്ഥാനിരീക്ഷണ പഠന കേന്ദ്രം... ഇൻഡോർ സ്റ്റേഡിയമുള്ള കേരളത്തിലെ ഒരേയൊരു വിദ്യാലയം... ലൈബ്രറിയും, വായനാമുറിയും, ഐ.ടി ലാബും, ശാസ്ത്ര ലാബുകളും മുതൽ പാചകശാലയും, ഭക്ഷണശാലയും വരെ അത്യാധുനികം... മനോഹരമായ ഫ്ലഡ്‌ലൈറ്റ്  സ്റ്റേഡിയം, ജിംനേഷ്യം ഹാൾ, അതിവിശാലമായ സ്റ്റേജ്, ശബ്ദമാധുര്യസംവിധാനങ്ങളാൽ സജ്ജീകരിക്കപ്പെട്ട ഓഡിറ്റോറിയം, ശില്പചാതുര്യവും-പ്രകാശവിന്യാസവും നിറഞ്ഞ ആംഫിയർ തിയേറ്റർ... കലാചാതുര്യം തുളുമ്പുന്ന കവാടങ്ങൾ... ഏതൊരുവിദ്യാർഥിയും കൊതിക്കുന്ന പഠനാന്തരീക്ഷം...

ഈ പഠനാന്തരീക്ഷത്തെ കൂടുതൽ മികവുറ്റതാക്കാൻ കർമ്മനിരതരായ ഒരുകൂട്ടം അധ്യാപകർ... എല്ലാറ്റിനും ബലമേകി പി.ടി.എയും, സ്കൂൾ വികസന സമിതി ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും... ഭൗതികവും-അക്കാദമികവും-അക്കാദമികേതരവുമായ കുതിച്ചുചാട്ടത്തിൻെറ ചാരിതാർഥ്യപന്ഥാവിൽ സാഭിമാനം മുന്നോട്ടുപോവുകയാണ് പിണറായി എ.കെ.ജി സ്കൂളും, ഈ നാടൊന്നാകെയും...  കഴിഞ്ഞ കാല അനുഭവങ്ങളുൾക്കൊണ്ട് സാഭിമാനം സമർപ്പിക്കുന്നു... **2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ!..**

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും പഠനം നേട്ടം ഉറപ്പുവരുത്തുക<br>• മലയാളം അനായാസം എഴുതാനും വായിക്കുവാനുള്ള ശേഷി (ശ്രദ്ധ ,നവപ്രഭ ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരങ്ങൾ ഉച്ചരിക്കൽ<br>• സമാന പദങ്ങൾ ഉപയോഗിച്ച് വാക്യ രചനകൾ<br>• നാടൻകഥകൾ കവിതകൾ കേൾപ്പിക്കൽ , അവതരണം<br>• പത്രവായന<br>• വായനാ മത്സരം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | ജൂൺ-ജൂലായ്<br><br>1 വർഷം | മലയാളം അധ്യാപകർ, SRG | പിടിഎ |
| • എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക<br><br>• ഭാഷാശേഷി വികസനത്തിനായി ഐസിടി സാധ്യത പരമാവധി ഉപയോഗപ്പെടുത്തുക | • വായനാക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>• ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• വായനാമുറി പ്രത്യേക സൗകര്യം ഒരുക്കൽ<br>• വായനോത്സവം, ജന്മദിന പുസ്തകം, പത്രവായന | 1 വർഷം<br><br>ആവശ്യം അനുസരിച്ച്<br><br>സന്ദർഭം അനുസരിച്ച്<br><br>1 വർഷം | മലയാളം അധ്യാപകർ | പിടിഎ |
| • പത്രവായന പരിപോഷിപ്പിക്കുക | • പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>• ഓരോ ക്ലാസിനും ഓരോ പത്രം<br>• രാവിലെ പ്രധാന വാർത്തകളുടെ അവതരണം<br>• വായനാനുഭവം പങ്കുവെക്കൽ<br>• പത്ര ക്വിസ് | ദിവസേന<br><br>മാസത്തിൽ | വിദ്യാരംഗം ഇൻ ചാർജ് | പിടിഎ |
| • സർഗ്ഗശേഷിവികസനം | • രചനാ ശില്പശാലകൾ<br>• കവിതാലാപന മത്സരം<br>• പുസ്തക ചർച്ച ,പുസ്തക ആസ്വാദനം<br>• സാഹിത്യകാരന്മാരുമായി സംവദിക്കൽ<br>• കാലാനുസൃതമായ വിഷയങ്ങൾ തിരഞ്ഞെടുത്ത് ഉപന്യാസരചന<br>• കാട്ടൂർ രചന<br>• ഡിജിറ്റൽ മാഗസിൻ<br>• പഠനയാത്ര | വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ, വിദ്യാരംഗം | പിടിഎ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : സംസ്കൃതം**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • എല്ലാ കുട്ടികളും ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ | • പരീക്ഷ നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്ന പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ- ജൂലായ് | സംസ്കൃതം അധ്യാപകർ, | |
| • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുക.<br>• സാഹിത്യാഭിരുചിവളർത്തുന്ന പ്രവർത്തനങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാ ലാബ് | • മാഗസിൻ<br>• രചനാ ശിൽപ്പശാലകൾ<br>• വായനാ മൂല<br>• സംസ്കൃത ദിനാചരണം<br>• അസംബ്ലി<br>• വിവിധ സാഹിത്യ ശാഖയുടെ പരിചയപ്പെടുത്തൽ<br>• കഥ, കവിത, സുഭാഷിതങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ<br>• വിവിധ കലാരൂപങ്ങളുടെ പ്രകടനം. | 1 വർഷം | സംസ്കൃതം അധ്യാപകർ, | പിടിഎ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : അറബിക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. | • പരീക്ഷകൾ നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്ന പരിശീലനം നൽകുന്ന ഓരോ പാഠം കഴിയുമ്പോൾ ക്ലാസ് പരീക്ഷകൾ നടത്തുന്ന | ജൂൺ- ജൂലായ്<br>1 വർഷം | അറബിക് അധ്യാപകൻ SRG | |
| • കാണുന്നതും കേൾക്കുന്നതും ക്ലാസ്സിൽ പഠിക്കുന്നതുമായ വാക്കുകൾ ഉപയോഗിക്കുന്ന വസ്തുക്കളുടെയും പേരുകൾ അറബി ഭാഷയിൽ സ്വായത്തമാക്കുക<br>• തെറ്റ്കൂടാതെ പാഠങ്ങൾ വായിക്കാനും രചനങ്ങൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ നൽകുക | • പരിസ്ഥിതി ദിനം വായനാദിനം ബഷീർ ദിനം ഇവ യോടനുബന്ധിച്ച് ക്വിസ് കാലിഗ്രഫി പോസ്റ്റർ മത്സരങ്ങൾ നടത്തുന്നു.<br>• അറബിക് അസംബ്ലി, പാഠഭാഗങ്ങളുടെ പ്രവർത്തനങ്ങൾ അസൈൻമെൻറ് വർക്കുകളായി നൽകി ശേഖരിച്ച് വയ്ക്കുന്നു.<br>• വിവിധ സാഹിത്യ ശാഖയെ പരിചയപ്പെടുത്തൽ<br>• കഥ, കവിത, ജീവചരിത്രക്കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നു | സന്ദർഭം അനുസരിച്ച്<br>1 വർഷം | അറബിക് അധ്യാപകൻ | പിടിഎ |

## ENGLISH

| Aim | Activity | Time | Incharge | Finance Analysis |
|---|---|---|---|---|
| • Enabling leaners to effectively communicate both verbally and in writing | • Spoken English class<br>• English assembly | Saturdays, leisure time, holidays | PTA and Teachers | PTA |
| • Language proficiency Developing learners reading, writing, listening and speaking skills | • English Corner<br>• Sentence making<br>• Daily news reading<br>• Reading textbooks | Class period | English Teachers | PTA |
| • Academic purposes Preparing learners for academic studies or professional pursuits that require English language | • Conduct mock interviews, class tests, conversation, writing | Saturdays, leisure time, class period | SRG and English Teachers | PTA |
| • Dramatisation | • Skit, Puppet show , English lab select themes from the lesson and prepare Puppet show , English lab | Classroom activity | PTA, SRG, other teachers English club | PTA |
| • Practice Versification and Recitation | • Provide audio cassette<br>• Conducting competition<br>• Book review | Once in month | Teachers | PTA |
| • Interview with a famous personality | • English fest | Vacation Time | SRG and English Teachers | PTA |
| • Debates | • Debate with native speakers | Saturdays | Staff council | PTA |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : ഹിന്ദി**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിക്കുന്നു | • അക്ഷരമാല കാർഡ് അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു | ജൂൺ- ജൂലായ് | ഹിന്ദി അധ്യാപകർ, SRG | |
| • ഹിന്ദി അനായാസം എഴുതാനും വായിക്കാനും പഠിക്കുന്നു | • കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നടത്തുന്നു | ആഗസ്ത്, സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | പിടിഎ |
| • ഹിന്ദി കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച ആശയം അവതരിപ്പിക്കാൻ പരിശീലിക്കുന്നു | • കാർട്ടൂൺ ചിത്രകഥ വർക്ക്ഷീറ്റുകൾ നിൽക്കുന്നു | ഒക്ടോബർ മുതൽ ജനു വരി | ഹിന്ദി അധ്യാപകർ | പിടിഎ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

### മേഖല : സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • പഠിതാക്കളിൽ പരിസ്ഥിതി സംരക്ഷണ ബോധം ഉളവാക്കൽ | • പോസ്റ്റർ രചന<br>• മരം നട്ടുപിടിപ്പിക്കൽ | ജൂൺ- 5 | അധ്യാപകർ, SRG | അധ്യാപകർ |
| • കുട്ടികളിൽ വായനാശീലവും ചരിത്ര ജ്ഞാനവും വളർത്തൽ | • ചരിത്ര പുസ്തക വായന<br>• പുസ്തക പരിചയപ്പെടൽ | ജൂൺ- 19 വായനാവാരം | സോഷ്യൽ ക്ലബ് | |
| • ജനസംഖ്യാബോധം ജനസംഖ്യ വർദ്ധനവിന്റെ ഗുണദോഷഫലങ്ങൾ തിരിച്ചറിയാൻ | • ഉപന്യാസം | ജൂലായ് | സോഷ്യൽ ക്ലബ് | |
| • യുദ്ധത്തിനെതിരെയുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുക | • യുദ്ധവിരുദ്ധ റാലി<br>• പോസ്റ്റർ നിർമ്മാണം | ആഗസ്ത് 6, 9 സോഷ്യൽ ക്ലബ് | സോഷ്യൽ ക്ലബ് | അധ്യാപകർ |
| • ഐക്യരാഷ്ട്രസഭയെ കുറിച്ച് ധാരണ സൃഷ്ടിക്കൽ | • ഉപന്യാസരചന | ഒക്ടോബർ | സോഷ്യൽ ക്ലബ് | അധ്യാപകർ |
| • ദേശസ്നേഹം വളർത്തുന്നതിന് | • ആൽബനിർമ്മാണം - കേരളത്തിലെ നവോത്ഥാന നായകർ | നവംബർ 1 | സോഷ്യൽ ക്ലബ് | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : ഫിസിക്സ്, കെമിസ്ട്രി**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • ശാസ്ത്ര കൗതുകം നിരീക്ഷണപാടവം ശാസ്ത്രാവബോധം എന്നിവ വളർത്തൽ | • മോഡൽ നിർമ്മാണം, ലഘുപരീക്ഷണങ്ങൾ എന്നിവ കുട്ടികൾ ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| • ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ്, | പിടിഎ |
| • കൗതുക ഗവേഷണം സഹകരണ മനോഭാവം നേരറിവ് നേടൽ | • സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പിടിഎ |
| • വൈജ്ഞാനിക ലോകം മാനവികതയിൽ ശാസ്ത്രബോധം വളർത്തുക നിരീക്ഷണ പാടവം ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കുക | • ശാസ്ത്ര ക്വിസ്, സെമിനാർ എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നു. നൂതന സാങ്കേതിക വിദ്യയും കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | സയൻസ് ക്ലബ് |
| • കണ്ടെത്തലിന്റെ പാത ശാസ്ത്രീയ മനോഭാവം കണ്ടെത്തൽ, ചിന്താശേഷി എന്നിവ വളർത്തുക | • ശാസ്ത്ര മാസികയെക്കുറിച്ചും ശാസ്ത്രജ്ഞരെ കുറിച്ചും സ്കൂൾ ലൈബ്രറിയുടെ സഹായത്തോടെ സയൻസ് ക്ലബ് അംഗങ്ങൾ പരിചയപ്പെടുന്നു.<br>• സയൻസ് ലാബ് നവീകരണം. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പിടിഎ സ്കൂൾ ലൈബ്രറി |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : ബയോളജി**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • കുട്ടികളുടെ പഠന നിലവാരവും പുരോഗതിയും വിലയിരുത്തൽ പഠന വിടവ് കണ്ടെത്തൽ | • യൂണിറ്റ് ടെസ്റ്റ് അസൈൻമെന്റ് ക്ലാസിൽ ചോദ്യങ്ങൾ ചോദിക്കൽ പഠന പ്രവർത്തനങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം വിലയിരുത്തൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ബയോളജി അധ്യാപകർ | |
| • പഠന വിടവ് നികത്തൽ | • സ്കൂൾ പിരീഡുകൾക്ക് പുറമേ രാവിലെയും വൈകുന്നേരവും ശനിയാഴ്ച ദിവസങ്ങളിലും അധിക സമയം കണ്ടെത്തി കുട്ടികളിലെ പഠന വിടവ് നികത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പഠന ക്യാമ്പ് വീട് സന്ദർശിക്കൽ വിദഗ്ധരുടെ ക്ലാസുകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ബയോളജി അധ്യാപകർ | |
| • പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണം | • ജൂൺ 5 പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ നടൽ വൃക്ഷത്തൈ വിതരണം പരിസ്ഥിതി ക്വിസ് പോസ്റ്റർ നിർമ്മാണ മത്സരം നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ | ബയോളജി അധ്യാപകർ | |
| • ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കുന്നതിന് | • ജൂലൈ 28 ജൈവവൈവിധ്യ ദിനം ജൈവവൈവിധ്യ പാർക്ക് മൃഗശാല സന്ദർശനം ജൈവവൈവിധ്യ ആൽബം നിർമ്മാണം | ജൂലൈ | ബയോളജി അധ്യാപകർ | |
| • ജീവലോകത്തിന്റെ സംരക്ഷണത്തിൽ ഓസോൺ പാളിയുടെ പ്രാധാന്യത്തെക്കുറിച്ച് ധാരണ രൂപപ്പെടുത്തുന്നതിന് | • സെപ്റ്റംബർ 16 ലോക ഓസോൺ ദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ രചന പ്ലക്കാർഡ് നിർമ്മാണം | സെപ്റ്റംബർ | ബയോളജി അധ്യാപകർ | |
| • അൽഷിമേഴ്സ് രോഗികളോടുള്ള കരുതൽ മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് | • സെപ്റ്റംബർ 2 അൽഷിമേഴ്സ് ദിനവുമായി ബന്ധപ്പെട്ട് സെമിനാർ | സെപ്റ്റംബർ | ബയോളജി അധ്യാപകർ | |
| • മാനസികാരോഗ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | • ഒക്ടോബർ 10 ലോക മാനസികാരോഗ്യ ദിനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് | ഒക്ടോബർ | ബയോളജി അധ്യാപകർ | |
| • നേത്രദാനത്തിന്റെ | • ഒക്ടോബർ 12 ലോക കാഴ്ച | ഒക്ടോബർ | ബയോളജി | |

| | | | | |
|---|---|---|---|---|
| പ്രാധാന്യത്തെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന് | ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം കൊളാഷ് നിർമ്മാണം | | അധ്യാപകർ | |
| • കുട്ടികളിൽ ശാസ്ത്രബോധവും ശാസ്ത്ര അഭിരുചിയും അന്വേഷണ ത്വരയും വളർത്തുന്നതിന് | • നവംബർ 10 ലോക ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട് സെമിനാർ പോസ്റ്റർ രചന പ്രസംഗ മത്സരം, ശാസ്ത്ര ക്വിസ് | നവംബർ | ബയോളജി അധ്യാപകർ | |
| • വിവിധ കൃഷി രീതികളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് | • കരിമ്പം അഗ്രികൾച്ചറൽ ഫാം സന്ദർശനം | നവംബർ | ബയോളജി അധ്യാപകർ | |
| • എയ്ഡ്സ് രോഗത്തെക്കുറിച്ച് ബോധവൽക്കരിക്കാൻ രോഗികളോട് കുട്ടികൾക്കുള്ള മനോഭാവത്തിൽ ഗുണപരമായ മാറ്റം രൂപപ്പെടുത്തൽ | • ബോധവൽക്കരണ ക്ലാസ്,<br>• പോസ്റ്റർ രചന | ഡിസംബർ | ബയോളജി അധ്യാപകർ | |
| • തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം കുട്ടികൾ മനസ്സിലാക്കുന്നതിന് | • കണ്ടൽക്കാട് സന്ദർശനം | ഫെബ്രുവരി | ബയോളജി അധ്യാപകർ | |
| • അർബുദ രോഗത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക | • ഫെബ്രുവരി 4 ലോക അർബുദ ദിനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് പോസ്റ്റർ നിർമ്മാണം | ഫെബ്രുവരി | ബയോളജി അധ്യാപകർ | |
| • ഡാർവിൻ എന്ന ശാസ്ത്രത്തിനെക്കുറിച്ചും ജീവ പരിണാമം എന്ന ശാസ്ത്ര വസ്തുതയെക്കുറിച്ചും അറിവ് പകരുക | • ഫെബ്രുവരി 12 ഡാർവിൻ ദിനവുമായി ബന്ധപ്പെട്ട സെമിനാർ പോസ്റ്റർ നിർമ്മാണം. | ഫെബ്രുവരി | ബയോളജി അധ്യാപകർ | |
| • പത്താം ക്ലാസ് കുട്ടികൾക്ക് ഉന്നത വിജയം കരസ്ഥമാക്കാൻ | • മാതൃകാ പരീക്ഷകൾ<br>• ചോദ്യങ്ങളുടെ ചർച്ച<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>• കുട്ടികളുടെ ഗൃഹ സന്ദർശനം | ഫെബ്രുവരി, മാർച്ച് | ബയോളജി അധ്യാപകർ | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : ഗണിതം**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • പഠന വിടവ് നികത്തൽ ഗണിതക്രിയകൾ ഉറപ്പിക്കൽ | • പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഉയർന്ന നിലവാരമുള്ള കുട്ടികളുടെ സഹായത്തോടെ പരിശീലനം നൽകൽ | ജൂൺ | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പിടിഎ |
| • ഗണിത നിർമ്മിതികളുടെ കഴിവ് വർധിപ്പിക്കൽ | • ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | ജൂൺ-ജൂലായ് | അധ്യാപകർ | പിടിഎ |
| • ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങളെ അടുത്തറിയാൻ | • ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ആഗസ്ത് | അധ്യാപകർ, ക്ലബ്ബ് സെക്രട്ടറി | പിടിഎ |
| • ഗണിതമേളകളിൽ കുട്ടികളെ തയ്യാറാക്കൽ | • സ്കൂൾതല മേളകൾ നടത്തി കുട്ടികൾക്ക് പരിശീലനം നൽകൽ | ആഗസ്ത് സെപ്റ്റംബർ | അധ്യാപകർ | പിടിഎ |
| • രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | • ക്ലാസ് പിടിഎ നടത്തി ചുമതലകൾ നൽകുന്നു | ഓരോ ടേമിനും ഒന്ന് വീതം | പിടിഎ പ്രസിഡണ്ട്, അധ്യാപകർ | പിടിഎ |
| • പത്താം ക്ലാസ് കുട്ടികൾക്കുള്ള പരിശീലനം | • മാതൃക ചോദ്യങ്ങളുടെ ചർച്ച<br>• ജാമിതീയ നിർമിതികളുടെ പരിശീലനം<br>• മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പരിശീലനം | ഡിസംബർ - മാർച്ച് | അധ്യാപകർ | പിടിഎ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : ഐസിടി**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സബ്ജക്ട് കൗൺസിൽ ചർച്ച ചെയ്ത് ഐസിടി സഹായത്തോടെ പൂർത്തീകരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | • ഐസിടി ഉപകരണങ്ങൾ പുതിയ സോഫ്റ്റ്‌വെയറുകൾ സമഗ്ര പോർട്ടലിൽ ടീച്ചിങ് മാനുവൽ തയ്യാറാക്കൽ അദ്ധ്യാപകരെ പരിചയപ്പെടുത്താൻ സ്കൂൾതല ഹെൽപ്പ് ഡെസ്കുകൾ രൂപീകരിക്കൽ | ജൂൺ | ഐസിടി പരിശീലനം ലഭിച്ച അധ്യാപകർ | പിടിഎ |
| • സ്കൂൾതല ഐടി മേള മുന്നൊരുക്കങ്ങൾ<br>• സബ്ജില്ലാതല ഐടി മേള | • അനിമേഷൻ പ്രോഗ്രാമിംഗ് ഇവയിൽ മികച്ച വിദ്യാർഥികളെ കണ്ടെത്തി പരിശീലനം, ഐടി ക്വിസ് സംഘാടനം | ജൂലായ് ആഗസ്ത് | ഐസിടി പരിശീലനം ലഭിച്ച അധ്യാപകർ | പിടിഎ |
| • സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരണ പരിപാടികൾ | • വിദഗ്ധരുടെ ക്ലാസുകൾ<br>• ഐടി ക്വിസ് | സെപ്റ്റംബർ ഒക്ടോബർ | | പിടിഎ |
| • സൈബർ സെക്യൂരിറ്റി ദിനം | • വിദഗ്ധരുടെ ക്ലാസുകൾ<br>• രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കൽ | നവംബർ | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | |
| • സ്മാർട്ട് ക്ലാസ്സ് ഫലപ്രദമായ രീതിയിൽ ഉപയോഗം | • വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ച് ക്ലാസ് റൂം സജീവമാക്കുന്നു | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ – സമഗ്രാസൂത്രണം

**മേഖല : കായികം**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| • സ്കൂളിലെ മുഴുവൻ കുട്ടികളെയും കായിക ക്ഷമത ഉള്ളവരാക്കി മാറ്റുകയും കൂടുതൽ കുട്ടികളെ സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക | • സെലക്ഷൻ ട്രയൽ ഓരോ കായിക ഇനത്തിലും കഴിവുള്ള പ്രതിഭകളെ കണ്ടെത്തൽ | 1. ഏപ്രിൽ | കായികാധ്യാപിക പൂർവ്വ വിദ്യാർത്ഥികൾ | പിടിഎ |
| | • പരിശീലനങ്ങളുടെ ഉദ്ഘാടനം. വിവിധ കായിക ഇനങ്ങളുടെ പരിശീലനം | മെയ് ജൂൺ | കായികാധ്യാപിക പൂർവ്വ വിദ്യാർത്ഥികൾ | പിടിഎ |
| | • വിവിധ കായിക ഇനങ്ങളിലെ വിദഗ്ധരായ കോച്ചുകളെ ഉപയോഗപ്പെടുത്തി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന് വീതം | കായികാധ്യാപിക | പിടിഎ |
| | • രാവിലെയും വൈകുന്നേരവും വിവിധ ഇനങ്ങൾക്ക് പ്രത്യേകം പ്രത്യേകം പരിശീലനം നൽകുക ലഘു ഭക്ഷണം നൽകുക ലഘു ഭക്ഷണം നൽകുക | വർഷം മുഴുവൻ | കായികാധ്യാപിക | പിടിഎ |